(iii) റാം ബഹദൂർ എസ്റ്റേറ്റിലെ (പീരുമേട്) തൊഴിൽത്തർക്കം

ശ്രീ. സി. എ. കുര്യൻ: സർ, പീരുമേട്ടിലുള്ള റാം ബഹദൂർ റബ്ബർ എസ്റ്റേറ്റ് ഉൾപ്പെടെ 11 എസ്റ്റേറ്റുകളിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് നിയമാനുസരണം ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ഇന്ന് നിഷേധിക്കുകയാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഉണ്ടായ തീരുമാനം അനുസരിച്ച് ഒരു മാസത്തെ ശമ്പളക്കുടിശ്ശിക ഈ തൊഴിലാളികൾക്ക് കൊടുക്കണമെന്നാണ്. പ്രസവകാല വേതനംപോലും പണമില്ലെന്നു പറഞ്ഞുകൊണ്ട് പലർക്കും കൊടുക്കാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ട്. ലീവ് കൊടുക്കുന്നില്ല. ഇങ്ങനെ ഗുരുതരമായ സ്ഥിതിവിശേഷം ആ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട തൊഴിൽമന്ത്രി അടിയന്തിരമായി ഈ പ്രശ്നങ്ങളിൽ നേരിട്ട് ഇടപ്പെട്ട് പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മിനിമം വേജസ് കവർ ചെയ്യുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഏതെല്ലാം തൊഴിലാളികൾക്ക് നൽകേണ്ടതാണ്. വ്യവസായത്തിൽ ലൈസിസ് ഉണ്ടെങ്കിൽത്തന്നെ അതിൽനിന്നും വിട്ടുവീഴ്ചകൾ ചെയ്യാനുള്ള യാതൊരുദ്ദേശവും ഗവൺമെന്റിനില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും തോട്ടങ്ങളിൽ അതുപോലെ വല്ലതുമുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ജനറലായി പറഞ്ഞതുകൊണ്ട് കാര്യമില്ല. ഇന്ന തോട്ടത്തിൽ എന്ന് സ്പെസിഫിക്കായി പറഞ്ഞാൽ ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വേണ്ടത് ചെയ്യുന്നതാണ്.

IV. മേശപ്പുറത്തുവെച്ച കടലാസുകൾ

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 1981 ആഗസ്റ്റ് 6-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 8175/എഫ്. എസ്. 2/81/എ. ഡി. (എസ്. ആർ. ഒ. നമ്പർ 932/81). ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

കൃഷിയും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരി) 1981 ജൂൺ 26-ാം തീയതിയിലെ ജി. ഒ. (എം. എസ്.) 243/81/എ. ഡി. (എസ്. ആർ. ഒ. നമ്പർ 819/81) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 1981 ഏപ്രിൽ 2-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 216/81/ഫിനാൻസ് (എസ്. ആർ. ഒ. നമ്പർ 626/81) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

V. റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട്

ശ്രീ. പി. സിറിയക് ജോൺ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ നിയോഗിച്ചതനുസരിച്ച് പി. എ. സി.-യുടെ 34-ാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly